**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1187** **02-02-2026 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗമായിരുന്ന കൊച്ചു സദാശിവന്റെ കുടുംബത്തിന് മരണാനന്തര ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യഗ്രാമത്തിൽ നിന്നുള്ള തൊഴിലാളിയും 1999 മുതൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അംഗവുമായിരുന്ന കൊച്ചു സദാശിവൻ 2017 നവംബറിൽ മരണപ്പെട്ടതിന് ശേഷം അദ്ദേഹത്തിന്റെ കുടുംബത്തിന് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലൂടെ ലഭിക്കേണ്ട മരണാനന്തര ആനുകൂല്യങ്ങൾ ഇതുവരെ വിതരണം ചെയ്യാത്തതിന് കാരണം വിശദമാക്കാമോ; | (എ) | 1980-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമ സംഘം ആക്റ്റ്, 1985-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്റ്റ് , 1986-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി പദ്ധതി എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണ് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ക്ഷേമപദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നത്. അതനുസരിച്ചുള്ള മാർഗ്ഗരേഖ പ്രകാരം ക്ഷേമനിധി ബോർഡിലെ സജീവ അംഗത്വം ഇല്ലാതാകുന്നതോടെ, പ്രസ്തുത വ്യക്തിയ്ക്ക് വാർദ്ധക്യ കാല പെൻഷനും സാന്ത്വനതീരം പദ്ധതി പ്രകാരമുള്ള മാരകരോഗ ചികിത്സാധനസഹായവും ഒഴികെയുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള അർഹത നഷ്ടമാകുന്നതാണ്.<br><br>മത്സ്യബോർഡ് ആലപ്പുഴ മേഖലാ പരിധിയിലെ വൈക്കം ഫിഷറീസ് ഓഫീസിനു കീഴിലുള്ള വൈക്കം മത്സ്യഗ്രാമത്തിൽ, രജിസ്റ്റർ നമ്പർ 5860 പ്രകാരം 06/09/1999 തീയതിയിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗത്വമെടുത്തിരുന്ന കൊച്ചു സദാശിവൻ, 1986-87 മുതൽ 2006-07 വരെയുള്ള കാലയളവിൽ മാത്രമാണ് ബോർഡിൽ അംശാദായം ഒടുക്കിയിട്ടുള്ളത്. 2017 നവംബർ മാസത്തിലാണ് കൊച്ചു സദാശിവൻ മരണമടഞ്ഞിട്ടുള്ളത്. പ്രസ്തുത കാലയളവിൽ, കൊച്ചു സദാശിവൻ 70 വയസ്സ് പൂർത്തീകരിക്കുകയും മത്സ്യബോർഡിൽ സജീവ അംഗത്വം ഇല്ലാതിരുന്നതിനാലും ആശ്രിതർക്ക് ബോർഡിന്റെ പദ്ധതികൾ പ്രകാരമുള്ള മരണാനന്തര ധനസഹായം ലഭിക്കാൻ അർഹതയില്ല.<br><br>കോട്ടയം ജില്ലയിലെ കടുത്തുരുത്തി ഗ്രാമപഞ്ചായത്തിൽ നിന്നും 14/11/2016 മുതൽ പെൻഷൻ കോഡ് നമ്പർ 105050202095 പ്രകാരം സാമൂഹ്യസുരക്ഷാ ക്ഷേമപെൻഷൻ (ഇന്ദിരാഗാന്ധി |

| | | | |
|---|---|---|---|
| | | | ദേശീയ വാർദ്ധക്യ കാല പെൻഷൻ) കൈപ്പറ്റിയിരുന്ന കൊച്ചു സദാശിവൻ, 2017 നവംബർ മാസത്തിൽ മരണപ്പെടുന്നത് വരെയും പ്രസ്തുത കാര്യാലയം മുഖാന്തിരമുള്ള സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താവുമായിരുന്നു. |
| (ബി) | അദ്ദേഹത്തിന്റെ ഭാര്യ സുമതി കുഞ്ഞു കുഞ്ഞ് (കുടിലിൽ, കപ്പിക്കാട്, കല്ലറ, കോട്ടയം) ബഹു. മന്ത്രിക്ക് സമർപ്പിച്ച 03/11/2025 തീയതിയിലെ നം.231/വി.ഐ.പി/2025 നമ്പർ അപേക്ഷയുടെ നിലവിലെ സ്ഥിതി എന്താണ്; പ്രസ്തുത നിവേദനത്തിൽ ഇതുവരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്; ഈ കുടുംബത്തിന് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വ്യക്തമായ സമയപരിധി നിശ്ചയിക്കുമോ; | (ബി) | പ്രസ്തുത നിവേദനം, കെ.എഫ്.ഡബ്ലിയു.എഫ്.ബി/1306/2025-എ2 നമ്പർ ഫയലിൽ പരിശോധിക്കുകയും, കൊച്ചു സദാശിവൻ മരണപ്പെടുന്ന കാലയളവിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ സജീവ അംഗത്വമില്ലാതിരുന്നതിനാൽ, മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കുള്ള മരണാനന്തര ധനസഹായം ബോർഡിന്റെ മാർഗ്ഗരേഖകൾ പ്രകാരം അനുവദിക്കാൻ നിർവ്വാഹമില്ലെന്ന് അപേക്ഷകയായ ശ്രീമതി. സുമതി കുഞ്ഞു കുഞ്ഞിനെ 30.01.2026 തീയതിയിൽ അറിയിച്ചിട്ടുണ്ട്. |
| (സി) | നിരവധി തവണ ബന്ധപ്പെട്ടിട്ടും യാതൊരു നടപടിയും ഉണ്ടായിട്ടില്ലെന്ന അപേക്ഷകയുടെ പരാതി ഗൗരവമായി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (സി) | അപേക്ഷ പരിശോധിക്കുകയും അർഹതയില്ലാത്തതിനാൽ ആനുകൂല്യം അനുവദിക്കാൻ കഴിയാത്ത വിവരം അപേക്ഷകയെ അറിയിച്ചിട്ടുമുണ്ട്.<br><br>മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നിലവിലെ ചട്ടങ്ങളും വ്യവസ്ഥകളും പ്രകാരം, അപേക്ഷകയുടെ നിവേദനത്തിന് പ്രത്യേക പരിഗണന നൽകുവാൻ നിർവ്വാഹമില്ല. |
| (ഡി) | അപേക്ഷകയുടെ ദയനീയമായ ആരോഗ്യസ്ഥിതിയും ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയും കണക്കിലെടുത്ത് പ്രത്യേക പരിഗണന നൽകി മരണാനന്തര ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ; | (ഡി) | അപേക്ഷ പരിശോധിക്കുകയും അർഹതയില്ലാത്തതിനാൽ ആനുകൂല്യം അനുവദിക്കാൻ കഴിയാത്ത വിവരം അപേക്ഷകയെ അറിയിച്ചിട്ടുമുണ്ട്.<br><br>മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നിലവിലെ ചട്ടങ്ങളും വ്യവസ്ഥകളും പ്രകാരം, അപേക്ഷകയുടെ നിവേദനത്തിന് പ്രത്യേക പരിഗണന നൽകുവാൻ നിർവ്വാഹമില്ല. |
| (ഇ) | സമാനമായി മരണാനന്തര ആനുകൂല്യങ്ങൾ വൈകിപ്പിക്കപ്പെട്ട മറ്റ് മത്സ്യത്തൊഴിലാളി കുടുംബങ്ങൾ സംസ്ഥാനത്തുണ്ടോ; എങ്കിൽ അപ്രകാരമുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (ഇ) | അപേക്ഷ പരിശോധിക്കുകയും അർഹതയില്ലാത്തതിനാൽ ആനുകൂല്യം അനുവദിക്കാൻ കഴിയാത്ത വിവരം അപേക്ഷകയെ അറിയിച്ചിട്ടുമുണ്ട്.<br><br>മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നിലവിലെ ചട്ടങ്ങളും വ്യവസ്ഥകളും പ്രകാരം, അപേക്ഷകയുടെ നിവേദനത്തിന് പ്രത്യേക പരിഗണന നൽകുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ